*ലൂർദ്ദ് മാതാ ദേവാലയം, ലൂർദ്ദുപുരം*
*ഫെബ്രുവരി 06, 2009 - **06pm***

# പരിശുദ്ധ കന്യകാമറിയത്തിന്റെ സന്ദർശനം

1. വിശുദ്ധ കൊച്ചുത്രേസ്യായുടെ ജീവിതത്തിൽ കാണുന്ന ഹൃദയസ്പർശിയായ ഈ അനുഭവം ഒരു പക്ഷേ നമുക്കെല്ലാം സുപരിചിതമാണ്. എല്ലാവിശുദ്ധർക്കും ഉണ്ടായിരുന്നതുപോലെ വിശുദ്ധ കൊച്ചുത്രേസ്യായ്ക്കും മറിയത്തോട് പ്രത്യേക സ്നേഹവും വാത്സല്യവും ഭക്തിയുമുണ്ടായിരുന്നു. ഒരു ദിവസം ഈ അമ്മയുടെ തിരുസ്വരൂപത്തിന്റെ മുമ്പിലിരുന്ന വിശുദ്ധ കൊച്ചുത്രേസ്യാ ഇപ്രകാരം പ്രാർത്ഥിക്കുന്നതായി നാം വായിക്കുന്നുണ്ട്: ''അമ്മേ, നിന്നെ എല്ലാവരും 'ഭാഗ്യവതി' എന്നു വിളിച്ച് പ്രകീർത്തിക്കുന്നു. എന്നാൽ ഞാൻ ചിന്തിച്ചു നോക്കിയപ്പോൾ നിന്നെക്കാൾ ഭാഗ്യവതി ഞാനാണെന്നാണ് എനിക്കു തോന്നുന്നത്.'' അതിനുകാരണവും വിശുദ്ധ കൊച്ചുത്രേസ്യാ തന്നെ ചൂണ്ടിക്കാണിക്കുന്നു: ''എനിക്കുള്ളതുപോലെ ഇത്രയേറെ ഭാഗ്യവതിയായ ഒരു അമ്മ നിനക്കുണ്ടോ? നി എന്റെ അമ്മയായതുകൊണ്ട് തീർച്ചയായും ഞാൻ നിന്നെക്കാൾ ഭാഗ്യവതി തന്നെയാണ്.''

   വിശുദ്ധ കൊച്ചുത്രേസ്യായെപ്പോലെ നമ്മുടെ സ്വർഗ്ഗീയ മാതാവായ പരിശുദ്ധ കന്യകാമറിയത്തോടുള്ള സ്നേഹവും ബഹുമാനാദരവുകളും പ്രകടിപ്പിക്കാനാണ് നാം ഇന്നിവിടെ സമ്മേളിച്ചിരിക്കുന്നത്. നമ്മുടെ സ്വർഗ്ഗീയ മാതാവായ മറിയം ഭാഗ്യവതിയാണ്. തന്നെ സന്ദർശിക്കാൻ വന്ന മറിയത്തെ എലിസബത്ത് രണ്ട് പ്രാവശ്യം ഭാഗ്യവതി എന്നു വിളിച്ച് പ്രശംസിക്കുന്നു. ആദ്യം ''നീ സ്ത്രീകളിൽ അനുഗ്രഹീതയാണ്'' (ലൂക്കാ. 1, 42) അഥവാ ഭാഗ്യവതിയാണ് എന്ന് പറയുന്നു. പിന്നെ, ''കർത്താവ് അരുൾ ചെയ്ത കാര്യങ്ങൾ നിറവേറ്റുമെന്ന് വിശ്വസിച്ചവൾ ഭാഗ്യവതി'' (ലൂക്കാ. 1, 45). അപ്പോൾ മറിയം ആലപിച്ച സ്തോത്ര ഗാനത്തിൽ താൻ തികച്ചും ഭാഗ്യവതിയാണെന്ന കാര്യം മറിയവും അംഗീകരിക്കുന്നു: ''ഇപ്പോൾ മുതൽ സകലതലമുറകളും എന്നെ ഭാഗ്യവതി എന്ന പ്രകീർത്തിക്കും'' (ലൂക്കാ. 1, 48). മറിയം ഭാഗ്യവതിയായതിന് പ്രധാനകാരണം മുഖ്യദൂതനായ ഗബ്രിയേൽ അഭിസംബോധന ചെയ്യുന്നതുപോലെ അവൾ ''ദൈവകൃപ നിറഞ്ഞവൾ'' (ലൂക്കാ. 1, 28) ആയിരുന്നു. പാപത്തിന്റെ ലവലേശം ആ അമ്മയിലില്ലായിരുന്നു. അവളുടെ ഹൃദയം അങ്ങേയറ്റം പരിശുദ്ധമായിരുന്നു. അതേ, ''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും'' (മത്താ. 5, 8). ഹൃദയശുദ്ധിയോടെ ദൈവത്തെ കാണുകയും കേൾക്കുകയും അനുഭവിക്കുകയും ചെയ്യുമ്പോഴാണ് നാമും യഥാർത്ഥത്തിൽ ഭാഗ്യവാന്മാരും ഭാഗ്യവതികളുമായിത്തീരുന്നത്.

2. മറിയത്തെ ഭാഗ്യവതിയാക്കുവാൻ ദൈവം ആ അമ്മയിൽ നിറച്ച ദൈവകൃപ അവൾക്കുവേണ്ടി മാത്രമുള്ളതായിരുന്നില്ല; തന്റെ മക്കളായ ലോകത്തിലെ എല്ലാമനുഷ്യരുമായി പങ്കുവയ്ക്കുവാനുള്ളതായിരുന്നു. ഈ അമ്മയെ സമീപിക്കുമ്പോഴെല്ലാം അവളിൽ നിറഞ്ഞുനിൽകുന്ന ദൈവകൃപ മക്കളായ നമ്മിലേക്കും വഹിക്കും. ഇതിനുവേണ്ടിയാണ്, അതായത്, മറിയത്തെപ്പോലെ ദൈവകൃപകൊണ്ട് നിറയുന്നതിലൂടെ ഭാഗ്യവാന്മാരും ഭാഗ്യവതികളുമായിത്തീരുവാൻ വേണ്ടിയാണ് നാമിപ്പോൾ അമ്മയുടെ സന്നിധിയിൽ സമ്മേളിച്ചിരിക്കുന്നത്. ഇതുതന്നെയാണ് നാമോരോരുത്തരേയും സംബന്ധിച്ചിടത്തോളം ഈ അമ്മയുടെ ഏറ്റവും വലിയ ആഗ്രഹവും. തന്റെ സാന്നിദ്ധ്യത്തിലൂടെ നമ്മെയെല്ലാം വിശുദ്ധീകരിച്ച്

തന്നെപ്പോലെ ഭാഗ്യവാന്മാരും ഭാഗ്യവതികളുമാക്കി തീർക്കുവാനാണ് മറിയം നമ്മുടെ പക്കലേയ്ക്ക് ഇറങ്ങി വരുന്നത്; നമ്മെ സന്ദർശിക്കുന്നത്.

3. ക്രിസ്തീയ വിശ്വാസികളെല്ലാം പ്രേഷിത പ്രവർത്തകരാകാൻ വിളിക്കപ്പെട്ടവരാണെന്ന് നാം പറയാറുണ്ട്. സുവിശേഷ പ്രഘോഷണത്തിലൂടെ തങ്ങളുടെ ഉള്ളിൽ നിറഞ്ഞു നിൽകുന്ന ദൈവകൃപ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും അതിലൂടെ അവരെ വിശുദ്ധീകരിക്കുകയും ചെയ്യുകയാണ് ഓരോ പ്രേഷിത പ്രവർത്തകന്റെയും ദൗത്യം. മറിയമാണ് ആദ്യത്തെ പ്രേഷിത പ്രവർത്തക; എല്ലാ പ്രേഷിത പ്രവർത്തകർക്കും മാതൃകയും ഈ അമ്മതന്നെ.

വിശ്വാസ സത്യങ്ങളെക്കുറിച്ചുള്ള പഠനവും പാണ്ഡിത്യവും ആവശ്യമുള്ളതുതന്നെ. സെമിനാരികളിലും പരിശീലന കേന്ദ്രങ്ങളിലും വിശ്വാസ സത്യങ്ങളെക്കുറിച്ച് ആഴമായി പഠിക്കുവാനുള്ള സൗകര്യങ്ങളുണ്ട്. ഈ കാര്യങ്ങളിൽ ഉന്നത ബിരുദം സമ്പാദിച്ച ധാരാളം പേർ ഇന്ന് സഭയിലുണ്ട്. എന്നാൽ പഠനമോ പാണ്ഡിത്യമോ വാദപ്രതിവാദങ്ങളോ കൊണ്ടു മാത്രം ആരെയും മാനസാന്തരപ്പെടുത്തുവാനോ വിശുദ്ധീകരിക്കുവാനോ സാധിക്കുമെന്ന് തോന്നുന്നില്ല. പിന്നെ ഫലപ്രദമായ പ്രേഷിത പ്രവർത്തനത്തിന് അടിസ്ഥാനപരമായി ആവശ്യമുള്ളതെന്താണ്? വാഗ്‌വിലാസത്തോടുകൂടിയുള്ള സുവിശേഷ പ്രഘോഷണമെന്ന് നാം പറയുമായിരിക്കാം. വാഗ്‌വിലാസമുള്ളവരുടെ എണ്ണത്തിനും സഭയിൽ കുറവില്ല. എന്നാൽ പലപ്പോഴും അത് ഹൃദയങ്ങളെ സ്പർശിക്കുന്നില്ല എന്നതാണ് പരമാർത്ഥം. ഫലപ്രദമായ പ്രേഷിത പ്രവർത്തനത്തിന് അടിസ്ഥാനപരമായി ആവശ്യമുള്ളത് ഹൃദയശുദ്ധിയാണ്; ഉള്ളിൽ നിറഞ്ഞു നിൽക്കുന്ന ദൈവകൃപയാണ്; പരിശുദ്ധാത്മാവിന്റെ നിറവാണ്. ഈ ചൈതന്യമാണ് പണ്ഡിതരെയും സാധാരണക്കാരെയും അറിവില്ലാത്ത ശിശുക്കളെപ്പോലും സ്പർശിക്കുകയും മാനസാന്തരപ്പെടുത്തുകയും വിശുദ്ധീകരിക്കുകയും ചെയ്യുന്നത്.

ഇങ്ങനെയുള്ള ഒരു പ്രേഷിത പ്രവർത്തനമാണ് എലിസബത്തിനെ സന്ദർശിക്കുന്ന മറിയത്തിൽ നമുക്ക് കാണാൻ സാധിക്കുന്നത്. മറിയവും എലിസബത്തും സമൂഹത്തിലെ വെറും സാധാരണക്കാരായിരുന്നു. പാണ്ഡിത്യത്തിന്റെയോ വാഗ്‌വിലാസത്തിന്റെയോ ഒരംശംപോലും അവരുടെ അഭിവാദനങ്ങളിൽ കാണാൻ സാധിക്കുന്നില്ല. മറിയം ഉദരത്തിൽ സംവഹിക്കുന്ന വചനം മാംസമായ യേശു ഇനിയും ജനിച്ചിട്ടില്ല; ആരും ആ ശിശുവിനെ കണ്ടിട്ടില്ല. യോഹന്നാനും അതുപോലെ തന്നെ അമ്മയുടെ ഉദരത്തിലെ ഇനിയും ബുദ്ധിവികസിച്ചിട്ടില്ലാത്ത ശിശുമാത്രമാണ്. എങ്കിലും മനുഷ്യബുദ്ധിക്ക് അതീതമായ, വാക്കുകൾ കൊണ്ട് വർണ്ണിക്കുവാൻ സാധിക്കാത്ത വിശുദ്ധീകരണ പ്രക്രിയയാണ്, പ്രേഷിത പ്രവർത്തനമാണ് അവിടെ നടക്കുന്നത്. യേശുവിനെയും ഉദരത്തിൽ വഹിച്ചുകൊണ്ടുള്ള മറിയത്തിന്റെ സാന്നിദ്ധ്യം തന്നെയായിരുന്നു ഇവിടെ ഏറ്റവും വലിയ സുവിശേഷ പ്രഘോഷണം. ഈ സുവിശേഷം, നല്ല വിശേഷം ഗ്രഹിക്കുവാൻ വെറും സാധാരണക്കാരിയായ എലിസബത്തിനു മാത്രമല്ല, ബുദ്ധിവികസിക്കാത്ത അവളുടെ ഉദരത്തിലെ ശിശുവിനു പോലും സാധിക്കുന്നു. പരിശുദ്ധാത്മാവിനാൽ നിറഞ്ഞ മറിയത്തിന്റെ സാന്നിദ്ധ്യം എലിസബത്തിനെയും പരിശുദ്ധാത്മാവിനെക്കൊണ്ട് നിറയ്ക്കുന്നു. കാന്തം ഇരുമ്പിനെ ആകർഷിക്കുന്നതുപോലെ, വിദ്യുച്ഛക്തി പ്രവഹിക്കുന്നതുപോലെ മറിയം ഉദരത്തിൽ സംവഹിച്ചിരുന്ന ശിശുവിന്റെ ചൈതന്യം എലിസബത്തിന്റെ ഉദരത്തിലെ ശിശുവിലേയ്ക്കും പ്രവഹിക്കുന്നു. അതുവഴി ആ ശിശു വിശുദ്ധീകരിക്കപ്പെടുകയും സന്തോഷാധിക്യത്താൽ കുതിച്ചുചാടുകയും ചെയ്യുന്നു. ഇങ്ങനെ പാണ്ഡിത്യത്തെക്കാളും വാഗ്‌വിലാസത്തെക്കാളും വാദപ്രതിവാദങ്ങളെക്കാളും കൂടുതലായി ഫലപ്രദമായ പ്രേഷിത പ്രവർത്തനത്തിനു വേണ്ടത്,

പരിശുദ്ധാത്മാവിന്റെ നിറവാണ്, യേശുവിനെ നമ്മുടെ ഹൃദയത്തിൽ സംവഹിക്കുകയാണ്. ഇവിടെയാണ് മറിയം ആദ്യത്തെ പ്രേഷിതപ്രവർത്തകയും പ്രേഷിത പ്രവർത്തകർക്കെല്ലാം ഒരു മാതൃകയും ആയിത്തീരുന്നത്. പണ്ഡിതന്മാരുടെ പാണ്ഡിത്യത്തെയോ ബുദ്ധിജീവികളുടെ വാഗ്വിലാസത്തെ അനുകരിക്കാൻ നമുക്ക് സാധിക്കുകയില്ലായിരിക്കും. എന്നാൽ മറിയത്തെപ്പോലെ യേശുവിനെ ഹൃദയത്തിൽ സംവഹിച്ചുകൊണ്ട് നമ്മുടെ സാന്നിദ്ധ്യത്തിലൂടെ ചുറ്റുമുള്ള എല്ലാവരെയും വിശുദ്ധീകരിക്കുന്ന പ്രേഷിത പ്രവർത്തകരായിത്തീരാൻ ഏതു സാധാരണക്കാർക്കും സാധിക്കും.

4. ഇക്കഴിഞ്ഞ ഓഗസ്റ്റ് മാസം (2008) ഒറീസ്സായിലെ കാണ്ടമാൽ ജില്ലയിൽ തീവ്രവാദികൾ ക്രൈസ്തവർക്കെതിരെ നടത്തിയ അക്രമങ്ങളുടെ ഓർമ്മ ഇന്നും നമ്മുടെ മനസ്സിൽ നിന്നും മാഞ്ഞിട്ടില്ല. ഏഴ് ആഴ്ച്ചയോളം നീണ്ടുനിന്ന ഈ അക്രമത്തിൽ രണ്ട് വൈദീകരുൾപ്പെടെ ആറുപതോളം പേരെ അവർ കൊന്നു. ധാരാളം ദൈവാലയങ്ങളും സഭാസ്ഥാപനങ്ങളും നാമാവിശേഷമാക്കി; ആയിരക്കണക്കിനു വീടുകൾ തീവച്ചു നശിപ്പിച്ചു; അൻപതിനായിരത്തോളം ക്രൈസ്തവർക്ക് പ്രാണരക്ഷാർത്ഥം കാടുകളിലേയ്ക്ക് ഓടിപ്പോകേണ്ടിവന്നു. അതിൽ ഒരു ക്രൈസ്തവ കുടുംബമായിരുന്നു നമ്രത എന്ന ബാലികയുടേത്.

കൂലിപ്പണിക്കാരായിരുന്ന നമ്രതയുടെ അച്ചൻ അക്ഷയകുമാറും അമ്മ സുധാമണിയും. മൂന്നു പെൺകുട്ടികളും ഒരു മകനും അടങ്ങുന്നതായിരുന്നു ആ കുടുംബം. മൂത്തമകൾ അയൽപക്കത്തുള്ള ഹരിഹർദാസിന്റെ ഭവനത്തിൽ അടുക്കളപ്പണി ചെയ്യുകയായിരുന്നു. തീവ്രവാദികൾ ക്രൈസ്തവരെ ആക്രമിക്കുന്നുവെന്ന് കേട്ടപ്പോൾ മക്കളെയെല്ലാം മേൽപറഞ്ഞ ഹരിഹർദാസിന്റെ വീട്ടിൽ ഏല്പിച്ചിട്ട് മാതാപിതാക്കൾ വനത്തിലേയ്ക്ക് ഓടിപ്പോയി. എന്നാൽ ആഗസ്റ്റ് മാസം 26-ാം തിയതി തീവ്രവാദികൾ ഹരിഹർദാസിന്റെ വീടിന്റെ നല്ലൊരു ഭാഗവും തീവച്ചു നശിപ്പിച്ചു. കുഞ്ഞുങ്ങളെല്ലാം ഒരു കുളിമുറിയിൽ കയറി ഒളിച്ചിരുന്നതുകൊണ്ട് രക്ഷപ്പെട്ടു. മണിക്കൂറുകൾ കഴിഞ്ഞ് അവർ പുറത്തുവന്നപ്പോൾ ഉപേക്ഷിക്കപ്പെട്ട നിലയിൽ കിടന്ന ഒരു ബോംബ് പൊട്ടിത്തെറിച്ചു. നമ്രയുടെ മുഖമാകെ പൊള്ളലേറ്റു; ശരീരം മുഴുവൻ മുറിവുകളേറ്റ അവൾ വേദനകൊണ്ടു പുളയുകയായിരുന്നു.

മാതാപിതാക്കൾ വനത്തിൽ നിന്നും തിരിച്ചുവന്നപ്പോൾ കണ്ടത് നശിപ്പിക്കപ്പെട്ട വീടിന്റെ അവശിഷ്ടങ്ങളാണ്. മക്കളെക്കുറിച്ചോർത്തപ്പോൾ അവരുടെ ഹൃദയം തകർന്നു. എങ്കിലും കുറെക്കഴിഞ്ഞ് മുറിവുകളോടെയാണെങ്കിലും ജീവിച്ചിരിക്കുന്ന മക്കളെ കണ്ടപ്പോൾ അവർക്കും ആശ്വാസമായി. നമ്രതയെയും കൊണ്ട് അടുത്തുള്ള ക്ലിനിക്കിൽ ചെന്നപ്പോൾ 50 കിലോമീറ്റർ അകലെയുള്ള മെഡിക്കൽ കോളേജിൽ എത്രയും വേഗം കൊണ്ടുപോകാനുള്ള ഉപദേശമാണ് കിട്ടിയത്. വളരെ പ്രയാസപ്പെട്ട് മണിക്കുറുകൾ കഴിഞ്ഞിട്ടാണെങ്കിലും അവർ കുഞ്ഞിനെ ആശുപത്രിയിലെത്തിച്ചു. ചില നല്ല മനുഷ്യരുടെ സഹായത്തോടെ സമ്രതയ്ക്ക് വിദഗ്ധചികിത്സ ലഭിച്ചു. പ്ലാസ്റ്റിക് സർജറിയിലൂടെ പൊള്ളലേറ്റ് വികൃതമായ മുഖത്തിന്റെ തിളക്കം ഏതാനും ചില പാടുകൾ ഒഴിച്ചാൽ പൂർണ്ണമായും തിരികെ കിട്ടി. സൗഖ്യം പ്രാപിച്ച പത്തുവയസ്സുകാരി നമ്രതയോട് തന്റെ അനുഭവം വിവരിക്കാൻ ആവശ്യപ്പെട്ടപ്പോൾ അവൾ പറഞ്ഞതിതാണ്: ''എന്റെ വീട് ചുട്ടുകരിച്ചവരോടും എന്നെ ആക്രമിച്ചവരോടും ഞാൻ ക്ഷമിക്കുന്നു. അവർക്ക് യേശുവിന്റെ സ്നേഹം അനുഭവിക്കാൻ സാധിക്കാത്തതുകൊണ്ടാണ് ഇങ്ങനെയൊക്കെ പ്രവർത്തിച്ചത്. അതുകൊണ്ട് ഇനി ഞാൻ നന്നായി പഠിക്കും. എന്നിട്ട് വലുതാകുമ്പോൾ യേശുവിന്റെ സ്നേഹത്തെക്കുറിച്ച് എല്ലാവരോടും പറയും. സുവിശേഷം പ്രസംഗിക്കുന്ന ഒരു പ്രചാരക്

അഥവാ പ്രേഷിത പ്രവർത്തക ആകാനാണ് ഞാൻ ആഗ്രഹിക്കുന്നത്. എന്റെ ജീവിതം യേശുവിനും സുവിശേഷത്തിനുമായി ഞാൻ സമർപ്പിക്കും.'' നമ്രതയ്ക്ക് വലിയ തത്വശാസ്ത്രവും ദൈവശാസ്ത്രവുമൊന്നും അറിയില്ല. അവൾ ഇന്നും ഒരു കൊച്ചു ബാലികയാണ്. എങ്കിലും അവളുടെ അടിയുറച്ച വിശ്വാസവും അനുഭവസാക്ഷ്യവും വലിയ വലിയ പണ്ഡിതന്മാരുടെ ബുദ്ധിജീവികളുടെയും പ്രസംഗത്തേക്കാൾ അനേകായിരം ഹൃദയങ്ങളെ സ്പർശിക്കുവാൻ പോരുന്നതാണ്. ഇതാണ് ഏറ്റവും വലിയ സുവിശേഷ പ്രഘോഷണം. അതുകൊണ്ടാണ് യേശു ഇപ്രകാരം പ്രാർത്ഥിച്ചത്: ''സ്വർഗ്ഗത്തിന്റെയും ഭൂമിയുടെയും നാഥനായ പിതാവേ നീ ഇക്കാര്യങ്ങൾ ബുദ്ധിമാന്മാരിൽ നിന്നും വിവേകികളിൽ നിന്നും മറച്ച് ശിശുക്കൾക്ക് വെളിപ്പെടുത്തിയതിനാൽ ഞാൻ നിന്നെ സ്തുതിക്കുന്നു'' (മത്താ. 11, 25).

5. അതുകൊണ്ടു തന്നെയാണ് ലൂർദ്ദിലും ഫാത്തിമയിലുമെല്ലാം തന്റെ സന്ദേശമറിയിക്കുവാൻ, പ്രേഷിത പ്രവർത്തകരാകുവാൻ പരിശുദ്ധമറിയവും നിഷ്കളങ്കരായ കുട്ടികളെ തിരഞ്ഞെടുക്കുന്നത്. വലിയ വിദ്യാഭ്യാസമൊന്നുമില്ലാത്ത ഒരു ദരിദ്ര കുടുംബത്തിലെ അംഗമായിരുന്ന ബാലികയായ ബർണ്ണദിത്താ കാട്ടിൽ വിറകുപെറുക്കുവാൻ പോയതായിരുന്നു അവൾ. സക്കറിയാസിന്റെ ഭവനത്തിൽ എലിസബത്തിനെ സന്ദർശിച്ചതുപോലെ ബർണ്ണദിത്താ എന്ന നിഷ്ക്കളങ്കയായ ബാലികയെ സന്ദർശിക്കുവാൻ പരിശുദ്ധ മറിയം എത്തി. ചുറ്റും വൃക്ഷങ്ങൾ തിങ്ങിനിറഞ്ഞ ഗ്രോട്ടോയിൽ അതീവ സുന്ദരിയായ ഒരു സ്ത്രീരത്നത്തെ ബർണ്ണദീത്താ കണ്ടു. അവൾ ആരെന്നോ അവളുടെ പേരെന്തെന്നോ ബർണ്ണദീത്തായ്ക്ക് അറിയില്ലായിരുന്നു. എങ്കിലും ആ സ്ത്രീരത്നത്തിന്റെ സാന്നിദ്ധ്യം ബർണ്ണദിത്തയെ എന്തെന്നില്ലാത്ത ദിവ്യാനുഭൂതികൊണ്ട് നിറയ്ക്കുന്നു. മറിയത്തിന്റെ ഉദരത്തിലായിരുന്ന ശിശുവായ യേശുവിൽ നിന്നും ചൈതന്യം എലിസബത്തിന്റെ ഉദരത്തിലായിരുന്ന യോഹന്നാനിലേയ്ക്ക് പ്രവേശിച്ചതുപോലെ എന്തെന്നില്ലാത്ത ഒരു സ്വർഗ്ഗീയ അനുഭൂതികൊണ്ട് ബർണ്ണദീത്തായും നിറയുന്നു. സന്തോഷാധിക്യത്തിൽ ശിശുവായ യോഹന്നാനെപ്പോലെ ബർണ്ണദിത്തായും തുള്ളിച്ചാടുന്നു. വളരെ നാളുകൾ കഴിഞ്ഞാണ്, പലപ്രാവശ്യം അതീവസുന്ദരിയായ ആ സ്ത്രീരത്നത്തെ ദർശിച്ച ശേഷമാണ് അവൾ ആരാണെന്നും അവളുടെ പേര് അമലോത്ഭവമാണെന്നും ബർണ്ണദിത്തായ്ക്ക് മനസ്സിലാകുന്നത്. മറിയം വെളിപ്പെടുത്തിയ 'അമലോത്ഭവം' എന്ന ദൈവശാസ്ത്ര സത്യത്തിന്റെ വിശദാംശങ്ങൾ മനസ്സിലാക്കുവാൻ ഇനിയും ധാരാളം സമയം വേണ്ടിവന്നു. ഇങ്ങനെ വെറുമൊരു സാധാരണ ബാലികയായിരുന്ന ബർണ്ണദീത്തായ്ക്ക് അറിവു സമ്പാദിക്കാൻ നാളുകളെടുത്തെങ്കിലും മറിയത്തെ കണ്ടമാത്രയിൽത്തന്നെ ദിവ്യമായ ഒരു അനുഭൂതിയിൽ ലയിക്കാൻ സാധിച്ചു. പ്രേഷിത പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം പ്രാധാന്യമർഹിക്കുന്നത് അറിവിനെക്കാളുപരി വെറും സാധാരണക്കാർക്ക് മാത്രമല്ല ശിശുക്കൾക്കുപോലും അനുഭവവേദ്യമാകുന്ന ഈ സന്തോഷാനുഭൂതിയാണ്. മറിയത്തെപ്പോലെ ഈ ദൈവീക ചൈതന്യം ഹൃദയത്തിൽ സംവഹിക്കുന്ന എല്ലാവർക്കും ഈ സന്തോഷാനുഭൂതി മറ്റുള്ളവർക്ക് പകർന്നുകൊടുക്കാൻ സാധിക്കും.

6. ശിശുക്കൾക്ക് ദൈവത്തെ അനുഭവിച്ചറിയാൻ സാധിക്കുകയില്ലെന്ന് പറയുന്നത് ശരിയല്ല. യഥാർത്ഥത്തിൽ കുഞ്ഞുങ്ങളുടെ പരിശീലനം ആരംഭിക്കുന്നത് അമ്മയുടെ ഉദരത്തിൽ വച്ചാണ്. മാതാപിതാക്കളുടെ സ്നേഹം ആഴമായി അനുഭവിച്ചറിയുന്നതും ശിശു പ്രായത്തിലാണ്. വിദേശരാജ്യത്തിൽ നിന്നും വരുന്ന ഒരുവൻ, അയാൾ എത്രതന്നെ പണ്ഡിതനായാലും നമ്മുടെ മാതൃഭാഷ പഠിച്ച് നല്ലരീതിയിൽ സംസാരിക്കണമെങ്കിൽ വർഷങ്ങളെടുക്കും. എന്നാൽ നമ്മുടെ കുടുംബങ്ങളിൽ എത്രവേഗമാണ് നമ്മുടെ കുഞ്ഞുങ്ങൾ മാതാപിതാക്കളുടെ ഭാഷ

പഠിച്ചെടുക്കുന്നത്! ഇതുപോലെ തന്നെ മാതാപിതാക്കളുടെ നല്ല മാതൃകകളും ദുർമാതൃകകളും കുഞ്ഞുങ്ങളെ വളരെ ആഴത്തിൽ സ്വാധീനിക്കും. മാതാപിതാക്കൾ ദൈവത്തെ സംവഹിക്കുന്നവരാണെങ്കിൽ കുഞ്ഞുങ്ങൾ ദൈവാനുഭവത്തിൽ വളരും. മറിച്ച് അവർ തിന്മയുടെ ശക്തികളെയാണ്, ദുഷിച്ച ശീലങ്ങളെയാണ് ഹൃദയത്തിൽ സംവഹിക്കുന്നതെങ്കിൽ മക്കളും വളരെ വേഗം തിന്മയ്ക്ക് അടിമകളായിത്തീരും.

7. ഗലീലിയിലെ നസ്രത്തിൽ നിന്നും മറിയം തിടുക്കത്തിൽ യാത്രപുറപ്പെട്ട് യൂദയായിലെ മലമ്പ്രദേശമായ ആയിൻ കരിമിൽ വന്നത് എലിസബത്തിന് എളിയ ശുശ്രൂഷകൾ ചെയ്യുവാനായിരുന്നു. മൂന്നു മാസത്തോളം മറിയം എലിസബത്തിനോടൊപ്പം താമസിച്ചുകൊണ്ട് സ്നാപകയോഹന്നാന്റെ ജനനം വരെ എലിസബത്തിനാവശ്യമായ ശുശ്രൂഷകളെല്ലാം സ്നേഹത്തോടെ ചെയ്തുകൊടുത്തിരുന്നു. നാം ഉള്ളിൽ സംവഹിക്കുന്ന ദൈവത്തെ, യേശുവിനെ മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കാൻ സഹായിക്കുന്ന ഫലപ്രദമായ മാർഗ്ഗമാണ് പരസ്നേഹപ്രവൃത്തികൾ. കാരണം ദൈവം സ്നേഹമാണ്. പരസ്നേഹ പ്രവൃത്തികളിലൂടെ ഈ ദൈവത്തെ തന്നെയാണ് നാം മറ്റുള്ളവർക്ക് നൽകുന്നത്.

മുപ്പതു കൊല്ലം മുമ്പ് അമേരിക്കയിലെ ചിക്കാഗോ എന്ന സ്ഥലത്തു നടന്ന സംഭവമിതാണ്. അഞ്ചു കമ്പ്യൂട്ടർ ഉദ്യോഗസ്ഥന്മാർ ഒരു വ്യാപാര മേളയിൽ സംബന്ധിച്ച ശേഷം വീടുകളിലേയ്ക്ക് മടങ്ങിപ്പോകാനായി റെയിൽവേ സ്റ്റേഷനിലെത്തി. പതുക്കെ നീങ്ങിതുടങ്ങിയ ട്രെയിനിൽ ചാടിക്കയറാനായി അവർ പ്ലാറ്റ്ഫോമിലൂടെ ധൃതിയിൽ ഓടുകയായിരുന്നു. വഴിക്ക് ഒരാളുടെ കാലുതട്ടി ഒരു ആപ്പിൾപ്പെട്ടി മറിഞ്ഞ് തറയിൽ ചിതറി. അഞ്ചുപേരും ചാടി ട്രെയിനിൽ കയറിയെങ്കിലും ഒരാൾക്ക് വീണ്ടുവിചാരമുണ്ടായി. അയാൾ ട്രെയിനിൽ നിന്ന് ചാടിയിറങ്ങി ആപ്പിൾപ്പെട്ടി മറിഞ്ഞ സ്ഥലത്തേയ്ക്ക് വന്നു. അവിടെ താൻ വിറ്റുകൊണ്ടിരുന്ന ആപ്പിൾ ചിതറിപ്പോയതുകാരണം ഉച്ചത്തിൽ നിലവിളിച്ചുകൊണ്ടിരുന്ന ഒരു ബാലനെയാണ് അയാൾ കണ്ടത്. ആ ബാലൻ ഒരു അന്ധനായിരുന്നു. കുറേ ആപ്പിൾ നഷ്ടപ്പെട്ടു. ബാക്കിയുള്ളതെല്ലാം അയാൾ പെറുക്കിയെടുത്ത് പെട്ടിയിൽ വച്ചുകൊടുത്തു. ബാലനോട് ക്ഷമചോദിച്ചുകൊണ്ട് നഷ്ടപ്പെട്ട ആപ്പിളുകളുടെ വിലയായി പത്തുഡോളർ അയാൾ ബാലന്റെ കൈയിൽ വച്ചുകൊടുത്തു: ഇത് ആ ബാലന്റെ ഹൃദയത്തെ സ്പർശിച്ചു. അടുത്ത വണ്ടിക്കു വേണ്ടി മുമ്പോട്ടു നടന്നു നീങ്ങിയ അയാളെ നോക്കി അന്ധനായ ബാലൻ ഇപ്രകാരം വിളിച്ചു ചോദിച്ചു: ''സാറേ, താങ്കളാണോ യേശു?'' കാരണം യേശു നന്മ ചെയ്തുകൊണ്ടു കടന്നുപോകുന്നവനാണെന്ന് സ്നേഹമുള്ളവനാണെന്ന് ആ ബാലൻ കേട്ടിട്ടുണ്ട്. ഇത്രയേറെ സ്നേഹം കാണിക്കുകയും നന്മചെയ്യുകയും ചെയ്യുന്ന ഈ മനുഷ്യൻ യേശുവായിരിക്കുമെന്ന് ആ ബാലൻ ഊഹിക്കുന്നു. മറിയത്തിന്റെ സാന്നിദ്ധ്യം തന്റെ ഉദരത്തിലുള്ള യേശുവിനെ എലിസബത്തിനും ശിശുവായ യോഹന്നാനും അനുഭവവേദ്യമാക്കിക്കൊടുത്തതു പോലെ, ഹൃദയത്തിൽ നന്മയും സ്നേഹവും സംവഹിക്കുന്ന മനുഷ്യരുടെ സാന്നിദ്ധ്യം സ്നേഹം തന്നെയായ ദൈവത്തെ, യേശുവിനെ മറ്റുള്ളവർക്ക് അനുഭവവേദ്യമാക്കിക്കൊടുക്കും.

ദൈവം സർവ്വവ്യാപിയാണ്. ലോകാവസാനം വരെ നമ്മോടൊപ്പമുണ്ടാവുമെന്ന് ദൈവം തന്നെയായ യേശുവും വാഗ്ദാനം ചെയ്തിട്ടുണ്ട്. ദൈവവചനത്തിലും കൂദാശകളിലും പരസ്നേഹ പ്രവർത്തികളിലും അവിടുന്ന് സന്നിഹിതനാണ്. ''ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെ കാണും.'' എലിസബത്തിനെയും യോഹന്നാനെയും പോലെ ഹൃദയശുദ്ധിയുള്ളവരാണ് നാമെങ്കിൽ നമ്മുടെ മദ്ധ്യേ സന്നിഹിതനായ യേശുവിനെ തിരിച്ചറിയാനും ആ സാന്നിദ്ധ്യത്തിൽ

സന്തോഷിക്കുവാനും നമുക്കു സാധിക്കും. ഇങ്ങനെ യേശുവിനെ തിരിച്ചറിഞ്ഞതുകൊണ്ടോ ഉൾക്കൊണ്ടതുകൊണ്ടോ മാത്രം എല്ലാമായില്ല. മറിയത്തെപ്പോലെ നാം പോകുന്നിടങ്ങളിലെല്ലാം യേശുവിനെ സംവഹിക്കുവാനും യേശു അനുഭവം മറ്റുള്ളവരുമായി പങ്കുവയ്ക്കുവാനും നാം കടപ്പെട്ടവരാണ്. കാരണം ഒരു ക്രിസ്ത്യാനി യേശുവിനെ സംവഹിക്കുവാൻ മാത്രമല്ല, യേശുവായി രൂപാന്തരപ്പെടുന്നവനാണ്; പൗലോസ് അപ്പോസ്തലൻ പറയുന്നതു പോലെ ''ഇനിമുതൽ ഞാനല്ല ജീവിക്കുന്നത്, ക്രിസ്തുവാണ് എന്നിൽ ജീവിക്കുന്നത്'' (ഗലേ. 2, 20) എന്ന് ആത്മാർത്ഥതയോടെ പറയാൻ സാധിക്കുമ്പോഴാണ് നാം യഥാർത്ഥത്തിൽ ക്രിസ്ത്യാനികളായിത്തീരുന്നത്. ഹൃദയശുദ്ധിയോടെ യേശുവിനെ ഉൾക്കൊള്ളുകയും, യേശുവിനെ സംവഹിക്കുകയും യേശുവായി രൂപാന്തരപ്പെടുകയും, യേശുവിനെ മറ്റുള്ളവരുമായി പങ്കുവയ്ക്കുകയും ചെയ്യുന്ന ഒരു ജീവിതത്തിന്റെ ഉടമകളായിത്തീരുവാൻ നമ്മുടെ സ്വർഗ്ഗീയ മാതാവായ പരിശുദ്ധ കന്യകാ മറിയത്തിന്റെ മാദ്ധ്യസ്ഥത്തിലൂടെ നമുക്ക് പ്രാർത്ഥിക്കാം. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ!